അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

ST ANDREWS UPS KANATHARKUNNAM

ആമുഖം

കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിലെ ശാസ്താംകോട്ട ഉപജില്ലയിൽ ഉൾപ്പെട്ട ഒരു പൊതുവിദ്യാലയമാണ് സെന്റ് ആൻഡ്രൂസ് യു.പി.എസ്. കണത്താർകുന്നം. കുന്നത്തൂർ താലൂക്കിൽ ഉൾപ്പെടുന്ന കൊല്ലം റവന്യൂ ജില്ലയിലെ വെസ്റ്റ് കല്ലട പഞ്ചായത്തിലാണ് ഇത് സ്ഥിതിചെയ്യുന്നത്. അൺ എക്കണോമിക് വിഭാഗത്തിൽപ്പെടുന്ന ഈ സ്കൂളിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി സ്കൂൾ പി.റ്റി.എയുടെയും അഭ്യുദയകാംക്ഷകളുടെയും സഹായഹകരണത്തോടെ തയ്യാറാക്കിയതാണ് ഈ മാസ്റ്റർപ്ലാൻ.

അക്കാദമികവും ഭൗതികവുമായ വികസനത്തിലൂടെ ഈ പ്രദേശത്തെ എല്ലാ കുട്ടികളേയും ഈ സ്കൂളിൽ എത്തിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിലൂടെ ഗവൺമെന്റ് ലക്ഷ്യമാക്കുന്ന എല്ലാ നേട്ടങ്ങളും അതിലൂടെ കൈവരിക്കാൻ സാധിക്കുമെന്ന് പൂർണ്ണ വിശ്വാസത്തോടുകൂടിയാണ് വിദ്യാലയ വികസന സമിതി ഇങ്ങനെ ഒരു പ്ലാൻ തയ്യാറാക്കുന്നത്. വിദ്യാലയത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി തയ്യാറാക്കുന്ന ഈ പ്ലാൻ വിജയകരമായി തീരട്ടെയെന്ന് ആശംസിക്കുന്നു.

ഹെഡ്മിസ്ട്രസ്

കാഴ്ചപ്പാട്

വരുന്ന അഞ്ച് വർഷത്തെ മുന്നിൽ കണ്ടുകൊണ്ട് സ്കൂളിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന തരം പ്രവർത്തനങ്ങൾ കണ്ടെത്തി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിലൂടെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ലക്ഷ്യമാക്കുന്ന എല്ലാ നേട്ടങ്ങളും കൈവരിക്കാൻ സാധിക്കുമെന്ന് പ്രത്യാശിക്കുന്നു.

കുട്ടികളുടെ ബൗദ്ധികവും ശാരീരികവും മാനസികവും ആത്മീയവുമായ വികസനം സാധ്യമാക്കുന്നതിലൂടെ ആരോഗ്യകരമായ ഒരു പുതുതലമുറയെ വളർത്തിയെടുക്കാൻ സാധിക്കും. ഇത് നാടിന്റെ സാംസ്കാരികവും സാമ്പത്തികവുമായ ഉന്നമനത്തിന് വഴിതെളിക്കും. നമ്മുടെ രാജ്യ വളർച്ചയുടെ ചവിട്ടുപടിയായ ഈ സംരംഭം പൂർണ്ണ വിജയത്തിലെത്തി ച്ചേരുമെന്ന് സ്കൂൾ പി.റ്റി.എയും അഭ്യുദയകാംക്ഷികളും വിലയിരുത്തുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്ന ഗവൺമെന്റിന്റെ പദ്ധതികളെ പിൻതാങ്ങി കുട്ടികൾക്ക് സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു വിദ്യാലയമാക്കി മാറ്റുക എന്നതാണ് ടി വിദ്യാലയത്തിന്റെ കാഴ്ചപ്പാട്.

ചരിത്രം

കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിലെ പടിഞ്ഞാറെക്കല്ലട പഞ്ചായത്തിന്റെ വടക്ക് പടിഞ്ഞാറ് ഭാഗത്തായി അഷ്ടമുടിക്കായലിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന ഒരു സരസ്വതീക്ഷേത്രമാണ് സെന്റ് ആൻഡ്രൂസ് യു.പി.എസ്.കണ്ണാർകുന്നം.

1871-ൽ അന്നത്തെ പട്ടകടവ് ഇടവക വലികാരി ഫാ.:ലൂയിസ് സ്റ്റീഫന്റെ അശ്രാന്തപരിശ്രമഫലമായി എൽ.പി.സ്കൂളായി ആരംഭിച്ചു. തുടക്കത്തിൽ സ്വകാര്യസ്ഥാപനമായിരുന്ന ഇത് പിന്നീട് ഗവൺമെന്റ് എയ്ഡഡ് ആയിത്തീർന്നു. 1962-ൽ ഇടവക വികാരി ഫാ: ആന്റണിയുടെയും വിദ്യാഭ്യാസ അഭ്യുദയകാക്ഷികളായ സാമൂഹ്യ പ്രവർത്തകരുടെയും പരിശ്രമത്താൽ യു.പി.സ്കൂളായി ഉയർത്തപ്പെട്ടു.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതയും പ്രീപ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുന്നതും സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങളോട് കിടപിടിക്കാൻതക്ക ഭൗതിക സാഹചര്യങ്ങൾ ഇല്ലാതിരുന്നതും വിദ്യാലയത്തെ പിന്നോക്കാവസ്ഥയിൽ എത്തിച്ചു.

എന്നാൽ ഈ പിന്നോക്കാവസ്ഥയിൽനിന്നും പി.റ്റി.എ.യുടെ ശക്തമായ ഇടപെടൽകൊണ്ട് പരിവർത്തനം ഉണ്ടായിക്കൊണ്ടിരിക്കുന്നു.

പൊതുലക്ഷ്യങ്ങൾ

- വിദ്യാലയത്തിന്റെ ഭൗതിക അക്കാദമിക സാഹചര്യങ്ങൾ വളർത്തി മെച്ചപ്പെടുത്തുകയും കുട്ടികളിൽ പൗരബോധവും പരസ്പര സഹകരണബോധവും വളർത്തുക
- കുട്ടികളുടെ ആരോഗ്യപ്രശ്നങ്ങൾ പഠിച്ച് ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
- കായികപരമായ പരിപാടികൾ സംഘടിപ്പിച്ച് കുട്ടികളുടെ കായികശേഷി പരിപോഷിപ്പിക്കുക.

അക്കാദമികം

മധ്യവേനലവധിക്കാലത്തുതന്നെ പുതിയ സ്കൂൾവർഷത്തിലേക്ക് സ്കൂൾ കലണ്ടർ തയ്യാറാക്കുകയും എസ്.ആർ.ജി, പി.റ്റി.എ മീറ്റിംഗുകൾ കൂടി പ്രവേശനോൽസവം മികവുറ്റതാക്കുകയും ചെയ്യുന്നു. തുടർന്ന് എല്ലാ ആഴ്ചയിലും എസ്.ആർ.ജി കൂടിയാണ് ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത്. യൂണിറ്റ് ടെസ്റ്റുകൾ, ടേമിനൽ വിലയിരുത്തലുകൾ എന്നിവ സമയബന്ധിതമായി നടത്തുന്നു. അവധിക്കാല പരിശീലനത്തിനും തുടർന്നുള്ള ക്ലസ്റ്റർപരിശീലനങ്ങളിലും അദ്ധ്യാപകർ പങ്കെടുക്കുന്നു.

പിന്നോക്കക്കാരായ കുട്ടികൽക്ക് സ്കൂൾ അദ്ധ്യയനസമയത്തിനുപുറമേ ഇടവേളകളിൽ പ്രത്യേക ക്ലാസുകൾ നടത്തുന്നു. വായനയെ മെച്ചപ്പെടുത്താൻ വായനക്കൂട്ടങ്ങൾ, വായനക്കുറിപ്പ്മത്സരം തുടങ്ങി വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, പ്രവർത്തനങ്ങൾ നടത്തുന്നു. ദിനാചരണങ്ങൾ, ദേശീയ ഉത്സവങ്ങൾ, സ്കൂൾ ആനിവേഴ്സറി വിവിധതരം മേളകളിലെ പങ്കാളിത്തം എന്നിവ ഉറപ്പാക്കുന്നു.

പ്രവർത്തനവിശദാംശങ്ങൾ

ഭൗതികം

പഠനം ആസ്വാദ്യകരവും സ്കൂൾ അന്തരീക്ഷം ആകർഷകവും പ്രകൃതിക്കിണങ്ങിയതും ആയിരിക്കുന്നത് കുട്ടികളുടെ ബൗദ്ധികവും ശാരീരികവും മാനസികവുമായ സർവ്വതോന്മുഖ വികസനത്തിന് സഹായകമാകും

- ആകർഷകമായ ക്ലാസ്സ്മുറികൾ
- പോഷകസംപുഷ്ടമായ ഭക്ഷണം
- കുട്ടികൾക്കിഷ്ടപ്പെടുന്ന ഭക്ഷണശാല
- ശാരീരിക മാനസിക ഉല്ലാസ സാഹചര്യങ്ങൾ
- ചൈൽഡ് ഫ്രണ്ട്ലി ടോയ്ലറ്റ്സ്
- ഐറ്റി പഠന ക്ലാസ്സ്മുറികൾ
- എല്ലാകുട്ടികൾക്കും ടാബ്ലറ്റ് കമ്പ്യൂട്ടറുകൾ
- വിവിധ സ്പോർട്ട്സ്/ഗെയിംസ് കളിയുപകരണങ്ങൾ
- ആരോഗ്യ പരിശോധനകൾ
- അവശ്യ മരുന്നുകളുടെ വിതരണം
- സൗജന്യ യൂണിഫോം വിതരണം
- പിന്നോക്കക്കാർക്ക് സാമ്പത്തികസഹായം
- തൊഴിൽ പരിശീലനങ്ങൾ
- ജൈവവൈവിധ്യപാർക്ക്
- കൗണ്ടസലിംഗ് സഹായം
- പഠനയാത്രാസഹായം
- സൗജന്യ സൈക്കിൾ വിതരണം
- ശിശുസൗഹൃദ ലൈബ്രറി
- ശിശുസൗഹൃദ വായനശാല
- കമ്മ്യൂണിക്കേറ്റീവ് ലാംഗ്വേജസ് പരിശീലനം
- സംഗീത പരിശീലനം
- നൃത്തപരിശീലനം

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല
1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ	<u>അക്കരെഞ്ഞാട്ട്</u> – കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രവേശികകൾ ഓരോ പഠിതാവിനും നൽകുന്നു.	അക്കാദമിക വർഷാരംഭം (ജൂൺ)	സാമൂഹ്യ ശാസ്ത്ര അധ്യാപകർ
	<u>ഓർമ്മച്ചെപ്പ്</u> അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു.	അക്കാദമിക വർഷാരംഭം (ജൂൺ)	സാമൂഹ്യ ശാസ്ത്ര അധ്യാപകർ
2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക.	<u>Virtual field trip.</u> ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു	അക്കാദമിക വർഷാരംഭം	സാമൂഹ്യ ശാസ്ത്ര അധ്യാപകർ

ഗ്രാമീണപൈതൃകപരമായ ജീവിത സമീപനം രൂപപ്പെടുത്തുക.	വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ഗ്രാമീണപൈതൃക രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു.	അക്കാദമിക വർഷാരംഭം	സാമൂഹ്യ ശാസ്ത്ര അധ്യാപകർ
പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു.	പ്രകൃതി താണ്ഡവം: നേർക്കാഴ്ച. ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു.	അക്കാദമിക വർഷാരംഭം	സാമൂഹ്യ ശാസ്ത്ര അധ്യാപക
സഹജീവികളോട് സഹാനുഭാവന വളർത്തി പെരുമാറിപ്പിക്കുന്നു.	സമൂഹത്തിന്റെ നന്മയുടെ നേർക്കാഴ്ച പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു: വിരുതുള്ള ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസപ്രവർത്തകരാകുന്നു.	അക്കാദമിക വർഷം	സാമൂഹ്യ ശാസ്ത്ര അധ്യാപക

6) വിവര വിനിമയ സാങ്കേതിക വിദ്യയുടെ ശരിയുപയോഗങ്ങളെക്കുറിച്ചും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു.	ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം സാമൂഹ്യശാസ്ത്രക്ലബ്ബിന്റെ അഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.	അക്കാദമിക വർഷം	സാമൂഹ്യ ശാസ്ത്ര അധ്യാപകർ
7) സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു.	കാടെവിടെ മക്കളേ? പ്രമേയാധിഷ്ഠിത പഠനയാത്ര പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജൂലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു.	അക്കാദമിക വർഷം	സാമൂഹ്യ ശാസ്ത്ര അധ്യാപകർ
8) സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിലൂടെ പഠിതാക്കളെ അവരുടെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തിക്കുന്നു.	പുതുചക്രവാളത്തിലേക്ക് സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തിനേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മതപരമായുള്ളതും പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്നതുമായ ഉത്തരങ്ങൾ നിശ്ചിതസമയത്തിനകത്തെഴുതുന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു.	അക്കാദമിക വർഷം	സാമൂഹ്യ ശാസ്ത്ര അധ്യാപകർ

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല
അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു.	ഗണിത ശിൽപ്പശാല കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, പ്ലാഷ് കാർഡ് ... ഉപയോഗിക്കുന്നു.	ജൂൺ മാസം	ഗണിത അധ്യാപകർ
സങ്കീർണമായ ഗണിതശാസ്ത്ര പഠനവും കുട്ടികളുടെ ചലനശേഷിക്കുടെ വികാസവും	ഒറിഗാമി ശിൽപ്പശാല ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ	വർഷത്തിൽ ഒരുപ്രാവശ്യം	ഗണിത അധ്യാപകർ
ണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ	വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ	ആവശ്യാനുസരണം	ഗണിത അധ്യാപകരും ഗണിതക്ലബ്ബിലെ അംഗങ്ങളും.
ണിതം മധുരമാക്കൽ	ഗണിത പാർക്ക് ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ.	ഒരു പ്രാവശ്യം	ഗണിതക്ലബ്ബ്

...ിത മേഖലയിൽ കുട്ടിക- ...ട താൽപര്യം വർദ്ധിപ്പി- ...ൽ	ഗണിത ധാമം ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മാത്രം വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പിന്തുണയ്ക്കുന്നവർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാകുന്നരീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു.	വർഷത്തിൽ ഒന്നോ രണ്ടോ തവണ	ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ
...ധുനിക ശാസ്ത്രസാങ്കേതി- ...ദ്യാസാധ്യതകൾ ഗണിത ...നത്തിനായി പ്രയോജന ...ടുത്തുന്നു.	ഐ.ടി. സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൽ-ഗാം ഇതുപോലുള്ള പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടി-കളിലേക്ക് എത്തിക്കാൻ എല്ലാപ്രവർത്തിൽ ക്ലിയുന്നു.	മാസത്തിൽ ഒരു പ്രാവശ്യം	ഗണിത അധ്യാപകർ
...ിതത്തിൽ പിന്നോക്കം ...ൽക്കുന്ന കുട്ടികളെ ...ന്തരത്തിലെത്തിക്കുന്നു.	ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പ്രയാസങ്ങൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.	ആഴ്ചയിൽ ഒരു പിരീഡ്	ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും
...ശേഷികളുടെ ...നം.	ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു.	ആവശ്യാനുസരണം	SRG.

പേര്	പ്രവർത്തനങ്ങൾ	കാലം	ചുമതല
[illegible]	നിശാഗന്ധി – ജൈവവൈവിധ്യ പാർക്ക് കുന്നുംപുറത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവ വൈവിധ്യ പാർക്ക് നിർമാണം	അനാദമിക വർഷം	ശാസ്ത്രാധ്യാപക ഉൾപ്പെടുത്തുന്നു, സഖൽസ് ക്ലബ്ബ്, പൊൽത്തു ക്ലബ്ബ്
	കണ്ടറിയാനൊരു യാത്ര വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവ വൈവിധ്യ രജിസ്റ്റർ നിർമാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴുവെ അറിയാൻ യാത്രകൾ	ജൂലൈ	ശാസ്ത്രാധ്യാപക ഉൾപ്പെടുത്തുന്നു, സഖൽസ് ക്ലബ്ബ്, പൊൽത്തു ക്ലബ്ബ്
	പരിക്ഷണക്കളരി നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രകൗതുകങ്ങൾ ഒരുക്കുന്നു. പരീക്ഷണകിറ്റുകൾ നിർമിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു.	ജൂൺ മുതൽ	ശാസ്ത്രാധ്യാപക ഉൾപ്പെടുത്തുന്നു, സഖൽസ് ക്ലബ്ബ്, പൊൽത്തു ക്ലബ്ബ്

ശാസ്ത്ര പഠനരീതിയും ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള അറിവ് വർദ്ധിപ്പിക്കുക.	**മാസ്സ് മൈന്റ്** ഇൻഫ്ലുവൻസ്, ആരോഗ്യബോധം, ശാസ്ത്രബോധം. ഇവയുടെ അടിസ്ഥാനത്തിൽ വിവിധ ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.	അക്കാദമിക വർഷം	ശാസ്ത്രാധ്യാപകർ ഇൻഫ്ലുവൻസ് ക്ലബ്ബ്, സയൻസ് ക്ലബ്ബ്, പൈത്തൺ ക്ലബ്ബ്
	ഫെക്സ്പ്ലോ - ഫെക്സ്പ്ലോർ ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.	അക്കാദമിക വർഷം	ശാസ്ത്രാധ്യാപകർ
	ശാസ്ത്ര വിസ്മയ ചുമർ ശാസ്ത്രപ്രാധാന്യവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു.	അക്കാദമിക വർഷം	ശാസ്ത്രാധ്യാപകർ
	മുഖാമുഖം. ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു.	അക്കാദമിക വർഷം	ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ്

	യുറേക്കാ കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ലഭ്യമാക്കിച്ച് ശാസ്ത്ര ലൈബ്രറി	അക്കാദമിക വർഷം	ശാസ്ത്രാധ്യാപകർ
ശാസ്ത്രരംഗത്തെ നൂതന പ്രവണതകൾ അടുത്തറിയുന്നതിനും ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.	വിസ്മയ യാത്ര ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം	അക്കാദമിക വർഷം	ശാസ്ത്രാധ്യാപകർ
പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോന്മുഖമായ വർത്തിപ്പിക്കൽ	Atal Tinkering Laboratory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രോജക്ടുകൾ ഉപയോഗിച്ച് കുട്ടികളുടെ മനസ്സിൽ കാണാൻ സാധ്യതയില്ലാത്ത Full size പ്രോട്ടോടൈപ്പുകളും മൂലകങ്ങളും അവയുടെ ഐസോടോപ്പുകളും മറ്റും നിർമ്മാണ രൂപത്തിൽ കാണിച്ചു കൊടുക്കുന്നു. ലഘുഡ്രോണിക്, റോബോട്ടിക്സ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം.	അക്കാദമിക വർഷം	ശാസ്ത്രാധ്യാപകർ